ഭരണഭാഷ മാതൃഭാഷ

നം.ടി4/101384/2020/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 1/10/2020
ഫോൺ: 0471-2306580
**email: postmatricscholarship@gmail.com**

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 2020-21 –വെബ്സൈറ്റ് വിദ്യാർത്ഥികൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിന് ഓപ്പൺ ചെയ്തിട്ടുള്ളത് സംബന്ധിച്ച്

സൂചന:- കേന്ദ്ര സർക്കാരിൽ നിന്നുള്ള 24-08-2020-ാം തീയതിയിലെ **F.no.2-11017/2020 –SCH** നമ്പർ കത്ത്.

സൂചന പ്രകാരം ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന്റ വെബ്സൈറ്റ് വിദ്യാർത്ഥികൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിന് ഓപ്പൺ ചെയ്തിട്ടുള്ളതായി അറിയിക്കുന്നു. വിദ്യാർത്ഥികളും സ്ഥാപനമേധാവികളും വെബ്സൈറ്റിൽ നൽകിയിട്ടുള്ള ലോഗിൻ ഓപ്ഷനുകൾ ഉപയോഗിക്കേണ്ടതാണ്. സ്കോളർഷിപ്പ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെ ചേർക്കുന്നു.

കേരളത്തിലെ വിവിധ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പഠനത്തിന് സാമ്പത്തിക സഹായം നൽകുന്ന കേന്ദ്രസർക്കാരിന്റെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനായി വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. പ്ലസ് വൺ മുതൽ ഉയർന്ന ക്ലാസ്സുകളിൽ പഠനം നടത്തുന്ന, 40% ൽ കുറയാതെ ഡിസ്എബിലിറ്റിയുള്ളതും പരമാവധി 2,50,000/- രൂപയിൽ കവിയാതെ കുടുംബവാർഷിക വരുമാനമുള്ളതുമായ വിദ്യാർത്ഥികൾക്ക് നിശ്ചയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി "**www.scholarships.gov.in** "എന്ന വെബ്സൈറ്റിലെ (നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ) മുഖാന്തിരം ഓൺലൈനായി 2020 ഒക്ടോബർ 31-ാം തീയതിക്ക് മുമ്പായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. സ്കോളർഷിപ്പിനായി മാനുവലായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഇന്ത്യാഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് ആന്റ് എംപവർമെന്റിന് കീഴിൽ **Department of Empowerment of persons with Disabilities** നേരിട്ട് നടപ്പിലാക്കുന്ന ഈ സ്കോളർഷിപ്പിന്റെ തുക വിതരണം ചെയ്യുന്നത് കേന്ദ്രസർക്കാരിന്റെ **Public. Financial Management System (PFMS)** എന്ന വെബ് സൈറ്റ് മുഖാന്തിരമാണ്. സ്കോളർഷിപ്പ് സംബന്ധിച്ച പൊതുവായ നിർദേശങ്ങളും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള ഗൈഡ്ലൈൻസും താഴെ ചേർക്കുന്നു.

സ്കോളർഷിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റായ **"www.collegiateedu.kerala.gov.in"** എന്ന വെബ്സൈറ്റിലെ സ്കോളർഷിപ്പ് എന്ന ലിങ്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9446096580, 9446780308, 0471 -2306580 ഇ-മെയിൽ ഐ.ഡി. **postmatricscholarship@gmail.com**

**ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സംബന്ധിച്ച പൊതുവായ നിർദ്ദേശങ്ങൾ**

1). സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികളുടെ ആപ്ലിക്കേഷൻ ഐ.ഡി, പാസ്‌വേഡ് എന്നിവ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തശേഷം രേഖപ്പെടുത്തി കൈവശം സൂക്ഷിക്കേണ്ടതാണ്.

2). ഓൺലൈനായി അപേക്ഷിച്ച ശേഷമുള്ള അപേക്ഷ ഫോമിന്റെ പ്രിന്റ് ഔട്ട് പഠിക്കുന്ന സ്ഥാപനത്തിൽ ഏൽപ്പിക്കേണ്ടതും സ്ഥാപന മേധാവികൾ ആയത് വെരിഫൈ ചെയ്ത് അപ്രൂവ് നൽകേണ്ടതും അപേക്ഷകൾ അതാത് ഇൻസ്റ്റിറ്റ്യൂഷൻസിൽ സൂക്ഷിക്കേണ്ടതുമാണ്. ഈ അപേക്ഷകൾ സ്കോളർഷിപ്പ് സ്റ്റേറ്റ് നോഡൽ ഓഫീസർ അതതു സ്ഥാപനങ്ങളിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതാണ്. പരിശോധന സമയത്ത് അപാകത ബോധ്യപ്പെട്ടാൽ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് റദ്ദാക്കുന്നതും ഇൻസ്റ്റിറ്റ്യൂഷൻ നോഡൽ ഓഫീസർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതും ടിയാന്റെ അശ്രദ്ധമൂലം കുട്ടികൾക്കും സർക്കാരിനും ഉണ്ടാകുന്ന ബാധ്യതയ്ക്ക് ടിയാൾ മാത്രമായിരിക്കും ഉത്തരവാദിയെന്നുമുള്ള വിവരം അറിയിക്കുന്നു.

3). അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികളുടെ മതം ബാധകമല്ല.

4). അപേക്ഷകരായ വിദ്യാർത്ഥികൾക്ക് ഒരു ദേശസാൽകൃത ബാങ്കിൽ ആക്ടീവായിട്ടുള്ള അക്കൗണ്ട് ഉണ്ടായിരിക്കണം.

5). സ്കോളർഷിപ്പിന് അപേക്ഷിക്കുന്നവർ സ്കോളർഷിപ്പിന്റെ പേര്, ബാങ്ക് അക്കൗണ്ട് നമ്പർ, ആധാർ നമ്പർ തുടങ്ങിയ വിവരങ്ങൾ കൃത്യമായി ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്.

ഒപ്പ്/-
കെ.ജയചന്ദ്രൻ
സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

അംഗീകാരത്തോടെ

സൂപ്രണ്ട്